LIBRARY ARCHIVES Kerala Legislative Assembly

തുറവൂർ സി.എച്ച്.സി. താലൂക്ക് ആശുപത്രിയിലെ പുതിയ തസ്തികകളിലെ നിയമനം

33 (616) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ സി.എച്ച്.സി. താലൂക്ക് ആശുപത്രി നിലവാരത്തിലേക്ക് ഉയർത്തിയതെന്നാണെന്നും കൂടുതലായി തസ്തികകൾ അനുവദിച്ചതെന്നാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുതുതായി അനുവദിച്ച തസ്തികകളിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ തസ്തികകളിലാണ് എന്ന വിവരം ലഭ്യമാക്കുമോ ;

(സി) പുതിയ തസ്തികകളുൾപ്പെടെ ഇപ്പോൾ അവിടെ എത്ര തസ്തികകളുണ്ടെന്നും ആയതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്തെന്നും വ്യക്തമാക്കുമോ ;

(ഡി) പുതുതായി അനുവദിച്ച തസ്തികകളിൽ അടിയന്തര നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 20-8-10-ലെ ജി.ഒ. (എം.എസ്) 557/10/ആ.കു.വ. നമ്പർ ഉത്തരവു പ്രകാരം തുറവൂർ സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുകയും 30-10-10-ലെ ജി.ഒ. (എം.എസ്) 655/10/ആ.കു.വ ഉത്തരവുപ്രകാരം കൂടുതൽ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പുതുതായി അനുവദിച്ച തസ്തികകളിൽ നാല് സ്റ്റാഫ് നഴ്സുമാരെയും ഒരു ഫൈനക്കോളജിസ്റ്റിനെയും നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ള തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ നടന്നുവരുന്നു.

(സി) പുതിയ തസ്തികകൾ ഉൾപ്പെടെ വിവിധ വിഭാഗങ്ങളിലായി 49 തസ്തികകൾ നിലവിലുണ്ട്. അതിൽ ജൂനിയർ കൺസൾട്ടന്റ്-2, ഹെഡ് നഴ്സ്-1, നഴ്സിംഗ് അസിസ്റ്റന്റ് - 1, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2-2, എന്നീ 6 തസ്തികകളിൽ ഒഴിവുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

അന്തിക്കാട് സി.എച്ച്.സി.യിലെ തസ്തികകൾ

34 (617) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട അന്തിക്കാട് സി.എച്ച്.സി.- യിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ ;